**കേരള സർക്കാർ**

**സംഗ്രഹം**

കേരള സർവീസ് ചട്ടങ്ങൾ- ലൈംഗികാതിക്രമം സംബന്ധിച്ച അന്വേഷണവുമായി ബന്ധപ്പെട്ട് പ്രത്യേക അവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (റൂൾസ്-ബി) വകുപ്പ്**

**സ.ഉ.(അ) നം.119/2017/ധന** **തിരുവനന്തപുരം, തീയതി 31/08/2017.**

പരാമർശം:-Notification G.S.R.251(E) dated 15.03.2017 of the Ministry of Personnel, Public Grievance and Pensions; Department of Personnel and Training, Government of India.

**ഉത്തരവ്**

പരാമർശ വിജ്ഞാപന പ്രകാരം കേന്ദ്രസർക്കാർ, ജോലി സ്ഥലങ്ങളിൽ ലൈംഗികാതിക്രമത്തിന് ഇരയാകുന്ന വനിതാ ജീവനക്കാർക്ക് ഇന്റേണൽ കമ്മിറ്റിയുടെയോ ലോക്കൽ കമ്മിറ്റിയുടെയോ ശുപാർശയുടെ അടിസ്ഥാനത്തിൽ 'The Sexual Harassment of Women at Workplace (Prevention, Prohibition and Redressal) Act, 2013' പ്രകാരമുള്ള അന്വേഷണം നടക്കുന്ന കാലയളവിൽ പരമാവധി 90 ദിവസം വരെ പ്രത്യേക അവധി അനുവദിച്ചിട്ടുണ്ട്.

2. കേന്ദ്രസർക്കാർ അനുവദിച്ച പരമാവധി 90 ദിവസത്തെ പ്രത്യേക അവധി ആനുകൂല്യം, ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ലൈംഗികാതിക്രമത്തിന് ഇരയാകുന്ന സംസ്ഥാന സർക്കാർ വനിതാ ജീവനക്കാർക്ക് കൂടി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) ഇന്റേർണൽ കമ്മിറ്റിയുടേയോ ലോക്കൽ കമ്മിറ്റിയുടേയോ ശുപാർശയുടെ അടിസ്ഥാനത്തിൽ, 'The Sexual Harassment of Women at Workplace (Prevention,Prohibition and Redressal) Act, 2013' പ്രകാരമുള്ള അന്വേഷണ നടപടികൾ നടക്കുന്ന കാലയളവിൽ പരമാവധി 90 ദിവസം വരെ അവധി അനുവദിക്കുന്നതാണ്. അന്വേഷണ നടപടികൾ ആരംഭിക്കുന്നതിനു മുൻപുള്ള ഒരു തീയതി മുതലോ അന്വേഷണം പൂർത്തിയായതിനു ശേഷമുള്ള ഒരു തീയതി മുതലോ ഈ അവധി അനുവദിക്കുന്നതല്ല.

(ii) ഈ അവധി കേരള സർവ്വീസ് ചട്ടങ്ങൾ അനുബന്ധം XII A,XII B,XII C പ്രകാരമുള്ള ശൂന്യവേതനാവധി ഒഴികെയുള്ള അവധികളോടൊപ്പം ചേർത്തെടുക്കാവുന്നതാണ്.

(iii) ലൈംഗികാതിക്രമത്തിന് ഇരയാകുന്ന വനിതാ ഉദ്യോഗസ്ഥർക്ക് അനുവദിക്കുന്ന പ്രത്യേക അവധി, അവധി അക്കൗണ്ടിൽ നിന്ന് കുറവുവരുത്തുന്നതല്ല. എന്നാൽ ഈ അവധി സംബന്ധിച്ച വിശദാംശങ്ങൾ കേരള സർവ്വീസ് ചട്ടങ്ങൾ,ഭാഗം I,ചട്ടം 106-ന് ചുവടെയുള്ള സർക്കാർ തീരുമാനത്തിൽ സൂചിപ്പിച്ചിട്ടുള്ള പ്രത്യേക അവധി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

(iv) ഈ അവധി മുഴുവൻ ശമ്പളത്തോടെ അതായത് അവധി കാലയളവിൽ ഉദ്യോഗസ്ഥ ഡ്യൂട്ടിയിലായിരുന്നുവെങ്കിൽ അനുവദനീയമായ ശമ്പളത്തോടെ അനുവദിക്കുന്നതാണ്.

3. ഈ ഉത്തരവ് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

4. കേരള സർവ്വീസ് ചട്ടങ്ങൾ ഭേദഗതി ചെയ്ത് പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം,
**ജി.അശോക് കുമാർ**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.

എല്ലാ വകുപ്പ് തലവൻമാർക്കും ഓഫീസുകൾക്കും

സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, കെ.പി.എസ്.സി, തിരുവനന്തപുരം (ആമുഖ കത്തോടുകൂടി).

ജനറൽ മാനേജർ, കെ.എസ്.ആർ.റ്റി.സി, തിരുവനന്തപുരം.

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്തോടുകൂടി).

രജിസ്ട്രാർ, കേരള/കൊച്ചി/കോഴിക്കോട്/മഹാത്മാഗാന്ധി/കണ്ണൂർ സർവ്വകലാശാലകൾ (ആമുഖ കത്തോടുകൂടി).

രജിസ്ട്രാർ, ഫിഷറീസ് യൂണിവേഴ്സിറ്റി (ആമുഖ കത്തോടുകൂടി).

രജിസ്ട്രാർ, കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി (ആമുഖ കത്തോടുകൂടി).

രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് അലൈഡ് സയൻസസ്(ആമുഖ കത്തോടുകൂടി).

രജിസ്ട്രാർ, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (ആമുഖ കത്തോടുകൂടി).

രജിസ്ട്രാർ, സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് കേരള (ആമുഖ കത്തോടുകൂടി).

രജിസ്ട്രാർ, തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം യൂണിവേഴ്സിറ്റി (ആമുഖ കത്തോടുകൂടി).

രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം.

രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി.

സെക്രട്ടറി, തദ്ദേശസ്വയംഭരണ ഓംബുഡ്സ്മാൻ, തിരുവനന്തപുരം.

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്തോടുകൂടി).

സെക്രട്ടറി, കെ.എസ്.ഇ.ബി, തിരുവനന്തപുരം (ആമുഖ കത്തോടുകൂടി).

എല്ലാ ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും സ്പെഷ്യൽ സെക്രട്ടറിമാർക്കും, അഡീഷണൽ സെക്രട്ടറിമാർക്കും, ജോയിന്റ് സെക്രട്ടറിമാർക്കും, ഡെപ്യൂട്ടി സെക്രട്ടറിമാർക്കും, അണ്ടർ സെക്രട്ടറിമാർക്കും

ഗവർണ്ണറുടെ സെക്രട്ടറി, രാജ്ഭവൻ.

നിയമസഭാ സ്പീക്കറുടെയും, ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്.

സെക്രട്ടറി, മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം.

രജിസ്ട്രാർ, ശ്രീ.ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ആമുഖ കത്തോടുകൂടി).

മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.

പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്.

സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷണർ, കേരള, തിരുവനന്തപുരം.

സ്റ്റേറ്റ് ചീഫ് ഇൻഫർമേഷൻ കമ്മീഷണർ (ആമുഖ കത്തോടുകൂടി).

നോഡൽ ഓഫീസർ, www.finance.kerala.gov.in

ദി വെബ് & ന്യൂ മീഡിയ,വിവര പൊതുജന സമ്പർക്ക വകുപ്പ്.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ